# അഹിംസയ്ക്ക് അർത്ഥം നൽകിയ സമരം

**സ്വാമി അഗ്നിവേശ്**

**നർമ്മദ** സമരം ലോകത്താകമാനമുള്ള നിരവധി ആളുകളുടെ പ്രചോദനവും പ്രതീക്ഷയുമാണ്. വേദത്തിൽ പറയുന്നത് ഭൂമി നമ്മുടെ അമ്മയും നമ്മൾ ആ അമ്മയുടെ മക്കളുമാണെന്നാണ്. ഭൂമി അവളുടെ സമ്പത്തു മുഴുവനും കഠിനാധ്വാനികളും ആത്മാർത്ഥതയുള്ള വർക്കുമായി നൽകിയിരിക്കുകയാണ്. അത് തങ്ങളുടെ സ്വന്തമല്ലെന്ന് മനുഷ്യർ അറിയണം. മാനവികതയുടെ നന്മയ്ക്കു വേണ്ടിയാണ് ഈ സമ്പത്തുപയോഗിക്കേണ്ടത്. അമ്മയുടെ മുലപ്പാൽ കുടിക്കാൻ അവകാശമുള്ള കുഞ്ഞുങ്ങൾ ചോരയൂറ്റിക്കുടിക്കാൻ തുടങ്ങിയാലോ? ഈ സന്ദേശം വ്യാപിപ്പിക്കുക എന്നതാണ് നർമ്മദ സമരം ചെയ്യുന്നത്. നിങ്ങളുടെ ലളിതമായ ആവശ്യങ്ങൾ ഭൂമിയിലെ വിഭവങ്ങൾ കൊണ്ട് നിറവേറ്റുകയും ഒപ്പം മരങ്ങൾ വെച്ചുപിടിപ്പിച്ചും മേൽമണ്ണ് സംരക്ഷിച്ചും കഴിയാവുന്നത്ര തിരിച്ചുനൽകുകയും ചെയ്യുക. പാരിസ്ഥിതിക ഉത്തരവാദിത്വം തന്നെയാണ് ഏറ്റവും വലിയ ധർമ്മം. ജീവിതത്തിൽ മറ്റ് ജീവികളോടുള്ള പരസ്പരാശ്രിതത്വവും സൃഷ്ടിയുടെ പൂർണ്ണതയും ഏവരും ബഹുമാനിക്കേണ്ട ഒരു വസ്തുതയാണ്.

**ജയപരാജയം**

ജയപരാജയങ്ങളൊന്നും അളന്നുകുറിക്കാൻ കഴിയില്ല. സമരം തന്നെ ഒരു വിജയമാണ്. സമരത്തിന്റെ പ്രധാനലക്ഷ്യം ഓരോ മനുഷ്യരിലും നമുക്ക് ഭൂമിയോടുള്ള ബന്ധമെന്തെന്ന അവബോധം സൃഷ്ടിക്കുക എന്നതാണ്. 'വസുധൈവകുടുംബകം' എന്നതാണ് നർമ്മദയുടെ ഏറ്റവും വലിയ സന്ദേശം.

**സമരം കൊണ്ട് ഒന്നും നഷ്ടപ്പെടുന്നില്ല, പൊരുതുന്നതു തന്നെ ജയമാണെന്നാണ് ഞാൻ കരുതുന്നത്. സമരം തന്നെ ഒരു വിജയമാണ്**



പരിസ്ഥിതിയെ ഒന്നാകെ സംരക്ഷിക്കണമെന്നും ആരും തുല്യവിഹിതത്തിൽ കൂടുതൽ എടുക്കരുതെന്നും നർമ്മദ സമരം പറഞ്ഞുതരുന്നു. തുല്യത, സമാനത, നീതി എന്നിവയായിരിക്കണം എല്ലാ മനുഷ്യപ്രവൃത്തികളുടെയും കാതൽ. സമരം കൊണ്ട് ഒന്നും നഷ്ടപ്പെടുന്നില്ല, പൊരുതുന്നതു തന്നെ ജയമാണെന്നാണ് ഞാൻ കരുതുന്നത്.

**സമരത്തിന്റെ സ്വാധീനം**

രാഷ്ട്രീയക്കാർക്കും സാമ്പത്തികവിദഗ്ധർക്കും നയതന്ത്രജ്ഞർക്കുമൊക്കെ വലിയ മാറ്റം വന്നിട്ടുണ്ടെന്നാണെനിക്ക് തോന്നുന്നത്. കാരണം നർമ്മദ സമരം 1986ൽ തുടങ്ങുമ്പോൾ അത് പാരിസ്ഥിതികബോധവൽകരണത്തിന്റെ തുടക്കമായിരുന്നു. ജനങ്ങൾ പരിസ്ഥിതിയെക്കുറിച്ച്, ജലദൗർലഭ്യത്തെക്കുറിച്ച്, മലിനീകരണത്തെക്കുറിച്ച്, ഹരിതവിപ്ലവത്തിന്റെ പ്രശ്നങ്ങളെക്കുറിച്ചൊക്കെ ചിന്തിച്ചു തുടങ്ങി. നർമ്മദ സമരത്തിന്റെ ഭാഗമായി നിരവധി ചർച്ചകൾ സംഘടിപ്പിക്കപ്പെട്ടു. അങ്ങനെ മാറ്റങ്ങളുടെ ഒരു ശൃംഖലയ്ക്ക് തുടക്കമായി.

**അഹിംസാ മാർഗ്ഗം**

ഗവൺമെന്റിന്റെ ഭാഗത്തു നിന്നായാലും പ്രസ്ഥാനങ്ങളുടെ ഭാഗത്തു നിന്നായാലും അക്രമം അക്രമം തന്നെയാണ്. ഹിംസയെ ഹിംസ കൊണ്ടെതിർക്കാൻ കഴിയില്ല. ജനകീയ പ്രസ്ഥാനങ്ങൾക്ക് അഹിംസയുടെ പുതിയ സംസ്കാരം രൂപപ്പെടുത്തിയെടുക്കാൻ കഴിയണം. എങ്കിൽ ഓരോരുത്തരും പരസ്പരം സ്നേഹിക്കും, മറ്റൊരാളുടെ ജീവനെടുക്കാൻ അധികാരമില്ലെന്ന് തിരിച്ചറിയും. ഒരാൾ കൂടുതൽ പങ്ക് കൈവശം വെക്കുന്നതും ഹിംസയാണ്. ധനികനും ദരിദ്രനും തമ്മിലുള്ള വേർതിരിവ് ഹിംസയാണ്. ഈ ഹിംസകളെല്ലാം ഇല്ലാതാകണം.